**STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING-KERALA**
**(SIEMAT-KERALA)**
M.G. Road, East Fort, Thiruvananthapuram-695036, Kerala
Phone No: 0471-2460343, 2461169
Website : www.siemat.kerala.gov.in E-mail : director.siemat@kerala.gov.in

No: SIEMAT/Ad A1/171/2021 17 /02/2021

# വിജ്ഞാപനം

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിങ്ങിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ് അക്കാദമി-കേരള 2020-21 അക്കാദമിക വർഷത്തെ സ്കൂൾ നേതൃത്വമാതൃക പുരസ്കാരങ്ങൾക്കുള്ള നോമിനേഷനുകൾ ക്ഷണിക്കുന്നു. എൽ.പി/യു.പി തലം മുതൽ ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി തലം വരെയുള്ള സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അക്കാദമിക-ഭരണ മേഖലകളിൽ നടത്തിയ വേറിട്ട പ്രവർത്തനങ്ങളുടെയും കൈവരിച്ച മികവിന്റെയും അടിസ്ഥാനത്തിലായിരിക്കും പുരസ്കാരങ്ങൾ നിർണയിക്കുക.

പൊതുവിദ്യാലയങ്ങൾ കോവിഡ്കാല പ്രതിസന്ധികളെ മറികടക്കാൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾക്കും വേർതിരിച്ചെടുത്ത നൂതന മാതൃകകൾക്കും പ്രത്യേക പരിഗണന നല്കിയായിരിക്കും ഈ വർഷം വിജയികളെ കണ്ടെത്തുക. വിജ്ഞാപനത്തിനോടൊപ്പം അനുബന്ധം-1 ആയി ചേർത്തിരിക്കുന്ന മാതൃകയിൽ വേണം നോമിനേഷനുകൾ സമർപ്പിക്കുവാൻ. പുരസ്കാരനിർണ്ണയത്തിന് അവലംബിക്കുന്ന പ്രധാന മാനദണ്ഡങ്ങൾ അനുബന്ധമായി (അനുബന്ധം-2) ചേർത്തിട്ടുണ്ട്.

**അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2021 മാർച്ച് 15**

**പുരസ്കാര വിഭാഗങ്ങൾ**

1 HSS തലം
2 VHSE തലം
3 HS തലം
4 LP/ UP തലം

- ഒരു സ്കൂളിന് ഒരു തലത്തിലേയ്ക്ക് മാത്രമേ നോമിനേഷൻ സമർപ്പിക്കാൻ അനുവാദമുള്ളൂ. നോമിനേഷനുകൾ സമർപ്പിക്കുമ്പോൾ ഏത് തലത്തിലാണ് പരിഗണിക്കപ്പെടേണ്ടതെന്ന് വ്യക്തമാക്കേണ്ടതാണ്.
- നോമിനേഷനുകൾ തപാൽ/കൊറിയർ മുഖേന വേണം സമർപ്പിക്കാൻ. നേരിട്ടും ഇലക്ട്രോണിക് രൂപത്തിലുമുള്ള നോമിനേഷനുകൾ സ്വീകരിക്കുന്നതല്ല. എന്നാൽ നോമിനേഷനിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ സാധൂകരിക്കുന്ന ഫോട്ടോഗ്രാഫുകൾ, വീഡിയോ ക്ലിപ്പിംഗുകൾ എന്നിവ സി.ഡി /ഡി.വി.ഡി/പെൻഡ്രൈവായി സമർപ്പിക്കേണ്ടതാണ്.
- നോമിനേഷൻ സമർപ്പിക്കുമ്പോൾ കവറിന് പുറത്ത് **'സ്കൂൾ നേതൃത്വ മാതൃക പുരസ്കാരം 2020-21 നോമിനേഷൻ'** എന്ന് രേഖപ്പെടുത്തിയിരിക്കണം.

സ്കൂൾ നേതൃത്വ മാതൃക അവാർഡ് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സീമാറ്റ്- കേരളയുടെ SLA-K സെല്ലിൽ ബന്ധപ്പെടാവുന്നതാണ്.

മൊബൈൽ നമ്പറുകൾ: 9495139932, 9567354542

നോമിനേഷനുകൾ അയക്കേണ്ട വിലാസം:

**ഡയറക്ടർ**
സീമാറ്റ്- കേരള
എം.ജി. റോഡ്, ഈസ്റ്റ് ഫോർട്ട്
തിരുവനന്തപുരം- 695036

തിരുവനന്തപുരം

ഡയറക്ടർ